126

**കേരള സർക്കാർ**

**സംഗ്രഹം**

ന്യൂനപക്ഷ ക്ഷേമം - പാലോളി മുഹമ്മദ് കുട്ടി കമ്മിററി ശുപാർശ - മുസ്ലീം യുവജനതയ്ക്കായുള്ള പരിശീലനകേന്ദ്രങ്ങൾ - തിരുവനന്തപുരം ജില്ലയിൽ അനുവദിച്ച പരിശീലന കേന്ദ്രം കൊല്ലം ജില്ലയിലേയ്ക്ക് മാററിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുഭരണ (ന്യൂനപക്ഷ ക്ഷേമ) വകുപ്പ്**

**സ.ഉ.(കൈ)നം.51/2011/പൊഭവ** **തിരുവനന്തപുരം, തീയതി:16.2.2011**

പരാമർശം:- 1. 16.8.2008- ലെ സ.ഉ (കൈ) നം. 278/2008/പൊഭവ

2. 4.12.2010- ലെ സ.ഉ (കൈ) നം. 393/2010/പൊഭവ

**ഉത്തരവ്**

സച്ചാർ കമ്മീഷൻ റിപ്പോർട്ടിന്മേൽ പാലോളി മുഹമ്മദ് കുട്ടി കമ്മിററി സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകളനുസരിച്ച് മുസ്ലീം യുവജനതയ്ക്ക് സിവിൽ സർവ്വീസ്, യു.പി.എസ്.സി, പി.എസ്.സി, ബാങ്കിംഗ് സർവ്വീസ്, എൻട്രൻസ് തുടങ്ങിയ മത്സരപരീക്ഷകൾക്ക് ഹ്രസ്വകാല പരിശീലനം നൽകുന്നതിന് തിരുവനന്തപുരം, എറണാകുളം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ/ കാസർകോഡ് എന്നീ ജില്ലകളിലായി സംസ്ഥാനത്ത് അഞ്ച് പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് പരാമർശം ഒന്ന് പ്രകാരം സർക്കാർ ഉത്തരവായി. അതനുസരിച്ച് കോഴിക്കോട്, കണ്ണൂർ, മലപ്പുറം ജില്ലകളിലെ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തനമാരംഭിച്ചു.

2. അഭ്യസ്തവിദ്യരായ മുസ്ലീം യുവജനതയ്ക്ക് സിവിൽ സർവ്വീസ്, യു.പി.എസ്.സി, പി.എസ്.സി, ബാങ്കിംഗ് സർവ്വീസ്, എൻട്രൻസ് തുടങ്ങിയ മത്സര പരീക്ഷകൾക്കുള്ള ഹ്രസ്വകാല പരിശീലനം നൽകുന്നതിന് തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ ആരംഭിക്കുന്ന പരിശീലന കേന്ദ്രങ്ങളിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചു കൊണ്ട് പരാമർശം രണ്ട് പ്രകാരം സർക്കാർ ഉത്തരവായി.

3. തിരുവനന്തപുരം ജില്ലയിൽ മുസ്ലീം ഉൾപ്പെടെയുള്ള യുവജനതയ്ക്ക് മത്സര പരീക്ഷകൾക്കുള്ള പരിശീലനം നൽകുന്നതിന് വിവിധ സർക്കാർ സ്ഥാപനങ്ങൾ നടത്തുന്ന കോച്ചിംഗ് സെന്ററുകൾ നിലവിലുള്ളതിനാലും, മുസ്ലീം ന്യൂനപക്ഷം കൊല്ലം ജില്ലയിൽ കൂടുതലുള്ളതിനാലും തിരുവനന്തപുരം ജില്ലയ്ക്കായി നിർദ്ദേശിക്കപ്പെട്ട മുസ്ലീം യുവജനതയ്ക്കായുള്ള പരിശീലന കേന്ദ്രം കൊല്ലം ജില്ലയിലേയ്ക്ക് മാററിക്കൊണ്ട് സർക്കാർ ഇതിനാൽ ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**മനോജ് ജോഷി,**
**സെക്രട്ടറി.**

ഡയറക്ടർ, ന്യൂനപക്ഷ ക്ഷേമ വകുപ്പ്, ഗ്രാമ വികസന കമ്മീഷണറേററ്, പാളയം, തിരുവനന്തപുരം.
ഡയറക്ടർ, വിവര-പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം. (മാധ്യമങ്ങളിലൂടെ പ്രചാരണത്തിന്)
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിററ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

പകർപ്പ്:- മുഖ്യമന്ത്രിയുടെ പ്രൈവററ് സെക്രട്ടറിക്ക്.
തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവററ് സെക്രട്ടറിക്ക്.
പൊതുഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.